# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 4245 — 28.06.2012 ൽ മറുപടി നൽകേണ്ടിയിരുന്നത്

**അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന അൺ എയ്ഡഡ് സ്ക്കൂളുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. ചന്ദ്രൻ | | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>വിദ്യാഭ്യാസ വകുപ്പുമന്ത്രി | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര അൺ എയ്ഡഡ് സ്ക്കൂളുകൾക്ക് അംഗീകാരം നൽകി; | (എ) | ഒരു അൺ എയ്ഡഡ് സ്ക്കൂളിന് അംഗീകാരം നൽകിയിട്ടുണ്ട്. |
| (ബി) | അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്ക്കൂളുകളെ നിയന്ത്രിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (ബി) | അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (സി) | ഇപ്പോൾ അംഗീകാരമില്ലാത്ത എത്ര സ്ക്കൂളുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട് എന്ന വിവരം ലഭ്യമാക്കുമോ; ഇതിൽ എൽ.പി., യു.പി., എച്ച്.എസ്., എച്ച്.എസ്സ്.എസ്. എന്നീ വിഭാഗങ്ങൾ തിരിച്ച് വ്യക്തമാക്കാമോ; | (സി) | ഏകദേശം 1445 സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്.<br>എൽ.പി. സ്കൂൾ - 945<br>യു.പി. സ്കൂൾ - 294<br>ഹൈസ്കൂൾ - 206<br>----<br>1445<br>====<br>ഹയർ സെക്കന്ററി വിഭാഗത്തിൽ അംഗീകാരമില്ലാത്ത സ്കൂളുകളൊന്നും തന്നെ പ്രവർത്തിക്കുന്നില്ല. |
| (ഡി) | ഇത്തരം സ്ക്കൂളുകൾക്ക് ഏതെങ്കിലും തരത്തിലുള്ള നിയന്ത്രണങ്ങളോ, വിദ്യാഭ്യാസ വകുപ്പിന്റെയോ മറ്റു വകുപ്പുകളുടെയോ മേൽനോട്ടം ഉണ്ടോ എന്നു വ്യക്തമാക്കാമോ? | (ഡി) | അംഗീകാരമില്ലാത്ത സ്ക്കൂളുകൾക്ക് അംഗീകാരം ലഭിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. വിദ്യാഭ്യാസ അവകാശ നിയമത്തിലെ വ്യവസ്ഥകൾക്ക് അനുസൃതമായിട്ടായിരിക്കും പ്രസ്തുത മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുക. മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ച് പ്രവർത്തിക്കുന്ന സ്ക്കൂളുകൾക്ക് അംഗീകാരം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ